# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 13 — 18-03-2013-ന് മറുപടി നൽകേണ്ടത്

## കേന്ദ്ര ബജറ്റുകൾക്കു ശേഷം മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിമാരുടെ സംഘം നടത്തിയ ചർച്ചകൾ

**ചോദ്യം**

ശ്രീ. എം. ഹംസ
,, കോടിയേരി ബാലകൃഷ്ണൻ
,, കെ. ദാസൻ
,, ജെയിംസ് മാത്യു

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | | | **(എ) യും (ബി) യും** |
| (എ) | കേന്ദ്ര ബജറ്റുകൾക്കു ശേഷം മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിമാരുടെ സംഘം ഏതെല്ലാം കേന്ദ്ര മന്ത്രിമാരെ കണ്ട് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായി; സംഘത്തിലുണ്ടായിരുന്ന മന്ത്രിമാർ ആരൊക്കെയായിരുന്നു; ഏതെല്ലാം കേന്ദ്ര മന്ത്രിമാരെ കണ്ട് ചർച്ച നടത്തുകയുണ്ടായി; വിശദമാക്കുമോ; | (എ) | മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി), ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി), ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി), ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി), ശ്രീ. അനൂപ് ജേക്കബ്ബ് (ഭക്ഷ്യ-പൊതുവിതരണ, രജിസ്ട്രേഷൻ വകുപ്പു മന്ത്രി), ശ്രീ. അടൂർ പ്രകാശ് (റവന്യൂ വകുപ്പു മന്ത്രി), ശ്രീ. കെ.പി. മോഹനൻ (കൃഷി, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) എന്നിവർ ഉൾപ്പെട്ട സംഘമാണ് കേന്ദ്ര മന്ത്രിമാരെ കണ്ട് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉന്നയിച്ചത്. |
| (ബി) | ഓരോ മന്ത്രിയിൽനിന്നും ലഭിച്ച ഉറപ്പുകൾ എന്തൊക്കെയായിരുന്നു; | (ബി) | ശ്രീ. എ.കെ. ആന്റണി (കേന്ദ്ര പ്രതിരോധ മന്ത്രി), ശ്രീ. പവൻ കുമാർ ബെൻസൽ (കേന്ദ്ര റയിൽവേ മന്ത്രി), ശ്രീ. പി. ചിദംബരം (കേന്ദ്ര ധന മന്ത്രി), ശ്രീ. ഗുലാം നബി ആസാദ് (കേന്ദ്ര ആരോഗ്യ, കുടുംബക്ഷേമ വകുപ്പു മന്ത്രി), ശ്രീ. സുശീൽ കുമാർ ഷിൺഡെ (കേന്ദ്ര ആഭ്യന്തര മന്ത്രി), ശ്രീ. അജിത് സിംഗ് (കേന്ദ്ര വ്യോമയാന മന്ത്രി), ശ്രീ. ആനന്ദ് |

| | | | |
|---|---|---|---|
| | | | ശർമ്മ (കേന്ദ്ര വാണിജ്യ, വ്യവസായ ടെക്സ്റ്റൈൽ മന്ത്രി), ഡോ. സി.പി.ജോഷി (കേന്ദ്ര റോഡ് ഗതാഗത, ദേശീയപാത വകുപ്പു മന്ത്രി), ശ്രീ. സി.കെ. കറ്റോച്ച് (കേന്ദ്ര സാംസ്കാരിക വകുപ്പു മന്ത്രി), ശ്രീ. ജി.കെ. വാസൻ (കേന്ദ്ര ഷിപ്പിംഗ് വകുപ്പു മന്ത്രി), ശ്രീ. ശ്രീപ്രകാശ് ജൈസ്വാൾ (കേന്ദ്ര കൽക്കരി വകുപ്പു മന്ത്രി), ശ്രീ. കമൽനാഥ് (കേന്ദ്ര നഗര വികസന, പാർലമെന്ററികാര്യ മന്ത്രി), ശ്രീ. അജയ് മാക്കൻ (കേന്ദ്ര ഭവന നിർമ്മാണ-ദാരിദ്ര്യനിർമ്മാർജ്ജന വകുപ്പു മന്ത്രി), ശ്രീ. വീരപ്പ മൊയ്‌ലി (കേന്ദ്ര പെട്രോളിയം പ്രകൃതിവാതക വകുപ്പു മന്ത്രി), ശ്രീ. ശരത് പവാർ (കേന്ദ്ര കൃഷി മന്ത്രി), ശ്രീ. ചിരഞ്ജീവി (കേന്ദ്ര ടൂറിസം സഹമന്ത്രി-സ്വതന്ത്ര ചുമതല), ശ്രീ. കെ.വി. തോമസ് (കേന്ദ്ര ഉപഭോക്തൃകാര്യ, ഭക്ഷ്യ, പൊതുവിതരണ വകുപ്പു സഹമന്ത്രി-സ്വതന്ത്ര ചുമതല), ശ്രീ. ജയ്പാൽ സുദിനി റെഡ്ഡി (കേന്ദ്ര ശാസ്ത്ര സാങ്കേതിക, ഭൗമശാസ്ത്ര വകുപ്പു മന്ത്രി), ശ്രീ. സൽമാൻ ഖുർഷിദ് (കേന്ദ്ര വിദേശകാര്യ മന്ത്രി), ശ്രീ. ജ്യോതിരാദിത്യ മാധവറാവു സിന്ധ്യ (കേന്ദ്ര ഊർജ്ജ സഹമന്ത്രി-സ്വതന്ത്ര ചുമതല) എന്നീ കേന്ദ്രമന്ത്രിമാരെ സന്ദർശിച്ച് നിവേദനങ്ങൾ നൽകുകയും അവയ്ക്ക് അനുഭാവപൂർണ്ണമായ സമീപനം ഉറപ്പു വരുത്തുകയും ചെയ്തു. |
| (സി) | 2011 സെപ്റ്റംബർ 22, 23 തീയതികളിൽ കേന്ദ്ര മന്ത്രിമാരിൽനിന്നും ലഭിച്ചിരുന്ന ഉറപ്പുകൾ നടപ്പിൽവരുത്താതിരുന്നത് സംബന്ധിച്ചും ഈ ഘട്ടത്തിൽ ബന്ധപ്പെട്ട മന്ത്രിമാരുമായി ചർച്ച ചെയ്യുകയുണ്ടായോ; | (സി) | ഇപ്പോഴത്തെ ആവശ്യങ്ങളടങ്ങിയ പുതിയ നിവേദനങ്ങളാണ് സന്ദർശനവേളയിൽ നൽകിയത്. |
| (ഡി) | സന്ദർശന വേളയിൽ പ്രധാന മന്ത്രിയെ കാണാൻ സാധിച്ചിരുന്നുവോ; വ്യക്തമാക്കുമോ; | (ഡി) | പാർലമെന്റ് സമ്മേളനവുമായി ബന്ധപ്പെട്ട തിരക്കായതിനാൽ പ്രധാനമന്ത്രിയെ സന്ദർശിക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ മുഖ്യമന്ത്രി 13-03-2013-ൽ പ്രധാനമന്ത്രിയെ നേരിൽ കാണുകയും കേരളത്തിന്റെ 12 ആവശ്യങ്ങൾ അടങ്ങുന്ന നിവേദനം |

| | | | |
|---|---|---|---|
| | | | നൽകുകയും ചെയ്യു. |
| (ഇ) | സംസ്ഥാനത്തു നിന്നുള്ള ഇടതുപക്ഷ, യു.ഡി.എഫ്. എം.പി.മാർക്ക് നൽകപ്പെട്ടതിൽ കൂടുതലായി കേന്ദ്ര മന്ത്രിമാരിൽനിന്ന് മുഖ്യമന്ത്രിക്ക് എന്തൊക്കെ വാഗ്ദാനങ്ങളാണ് ലഭിച്ചത്; വിശദമാക്കുമോ? | (ഇ) | കേരളത്തിന്റെ വിവിധ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിൽ ഉന്നയിക്കുന്നതിന് കേരളത്തിൽനിന്നുള്ള എം.പി.മാരുടെ സഹകരണം വേണമെന്ന ഉദ്ദേശത്തോടെ 04-03-2013-ന് എം.പി.മാരുടെ യോഗം ഡൽഹിയിലെ കേരള ഹൗസിൽവച്ച് കൂടുകയും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളുംകൂടെ കണക്കിലെടുത്താണ് 05-03-2013-ൽ കേന്ദ്ര മന്ത്രിമാർക്ക് നിവേദനങ്ങൾ നൽകിയത്. അനുകൂലമായി നിലപാടാണ് കേന്ദ്ര മന്ത്രിമാരിൽനിന്ന് ലഭിച്ചത്. |

സെക്ഷൻ ഓഫീസർ